"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിൽ വച്ച് നടക്കുന്ന ദേശീയ ക്ലാസ്സിക് പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് 2019 - ഇടുക്കി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.2018/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/09/2019

പരാമർശം:- ദേശീയ ക്ലാസ്സിക് പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് 2019 കൺവീനറുടെ 05/09/2019 ലെ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിൽ വച്ച് നടക്കുന്ന ദേശീയ ക്ലാസ്സിക് പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് 2019, ഇടുക്കി ജില്ലയിലെ മുരിക്കാശ്ശേരി പാവമാത്മ കോളേജിൽ വച്ച് സെപ്റ്റംബർ 26 മുതൽ 30 വരെ നടക്കുകയാണെന്നും, 2019 ഡിസംബർ മാസത്തിൽ കസാഖിസ്ഥാനിൽ വച്ച് നടക്കുന്ന ഏഷ്യൻ പവർ ലിഫ്റ്റിംഗ് ചാംപ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനുള്ള ഇന്ത്യൻ ടീമിനെ ടി മത്സരത്തിലൂടെയാണ് തിരഞ്ഞെടുക്കുന്നതെന്നും, ഈ ചാമ്പ്യൻഷിപ്പ് നടത്തുന്നതിന് ഏകദേശം ഇരുപത് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും പവർലിഫ്റ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ, നാല് ലക്ഷത്തോളം രൂപ അനുവദിക്കുമെന്നും ബാക്കിയുള്ള തുക പിന്നോക്ക ജില്ലയായ ഇടുക്കിയിൽ നിന്നും കണ്ടെത്തുന്നതിനായി ഇടുക്കി ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും തനത് ഫണ്ടിൽ നിന്നും ഇരുപത്തി അയ്യായിരം രൂപയിൽ കുറയാത്ത തുക ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരാമർശ കത്ത് പ്രകാരം ദേശീയ ക്ലാസ്സിക് പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് 2019 കൺവീനർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ മുരിക്കാശ്ശേരി പാവമാത്മ കോളേജിൽ വച്ച് സെപ്റ്റംബർ 26 മുതൽ 30 വരെ നടക്കുന്ന ദേശീയ ക്ലാസ്സിക് പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് 2019 ചെലവിലേയ്ക്കായി ഇടുക്കി ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും തനത് ഫണ്ടിൽ നിന്നും 25,000/- (ഇരുപത്തി അയ്യായിരം രൂപ) രൂപയിൽ കുറയാത്ത തുക, അതാത് തദ്ദേശ സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന് വിധേയമായി, നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത് (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം. മുഖേന)

ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

കൺവീനർ/ഓർഗനൈസിംഗ് സെക്രട്ടറി, ദേശീയ ക്ലാസ്സിക് പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് 2019.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Remedios

സെക്ഷൻ ഓഫീസർ